"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ വകുപ്പ് - പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിനു കീഴിലുള്ള സ്ഥാപനമായ പെരിങ്ങോട്ടുകുറിശ്ശി ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലെ വൈദ്യുതി കുടിശ്ശിക തീർക്കുന്നത്- ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1236/2024/H&FWD തീയതി,തിരുവനന്തപുരം, 22-05-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.917/2024/ആ.കു.വ. തീയതി 27.03.2024

2. ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ കത്തും

3. 15.05.2024-ലെ സ.ഉ(സാധാ)നം.4030/2024/ധന ഉത്തരവ്

**<u>ഉത്തരവ്</u>**

മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം, പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലുള്ള സ്ഥാപനമായ പെരിങ്ങോട്ടുകുറിശ്ശി ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2023-24 സാമ്പത്തികവർഷത്തിൽ 1,90,000/- രൂപ, '2211-00-003-95-05-2(P)' ശീർഷകത്തിനു കീഴിൽ ധനപുന:വിനിയോഗം മുഖേന അനുവദിച്ചിരുന്നു. എന്നാൽ ടി തുക ട്രഷറിയിൽ നിന്നും മാറി എടുക്കാൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത ആഫീസിലെ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന നടപടിക്രമത്തിൽ നിന്നും ഒഴിവാകുന്നതിനായി 1,90,000/- രൂപ 2024-25 സാമ്പത്തിക വർഷത്തിൽ അധികതുകയായി അനുവദിക്കുന്നതിന് വേണ്ട നടപടികൾ തുക സ്വീകരിക്കണമെന്ന് മേൽ പരാമർശത്തിലെ കത്ത് മുഖേന ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലുള്ള പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസിനു കീഴിലുള്ള സ്ഥാപനമായ പെരിങ്ങോട്ടുകുറിശ്ശി ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി **1,90,000/- (ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)** രൂപ **'2211-00-003-95-05-2(P)'** ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക മേൽ പരാമർശം 3-ലെ ഉത്തരവ് പ്രകാരം '2211-00-003-95-05-2(പ്ലാൻ)' എന്ന ശീർഷകത്തിൽ അധികതുകയായി അനുവദിച്ചിട്ടുണ്ട്.

**3.** 2024-25 സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപായി, നീക്കിയിരിപ്പിന്റെ (savings) ധനപുന:വിനിയോഗം മുഖേന (ധനാഭ്യർത്ഥന / ഉപധനാഭ്യർത്ഥന-യ്ക്കുള്ളിൽ നിന്നു കൊണ്ട്) മേൽ അധികചെലവ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ് (നം.(E.2743031): HLT-A1/66/2024-FIN തീയതി 20.05.2024)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 23-05-2024 10:41:51

സെക്ഷൻ ഓഫീസർ